## തൊഴിലുറപ്പിൽ വിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിലിലേക്ക് കുടുംബശ്രീ അംഗങ്ങൾ- കൊല്ലത്തിന്റെ മറ്റൊരു മാതൃക

ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്നതിനാൽ ഗ്രാമങ്ങളുടെ വികസനത്തിന് ഇന്ത്യയുടെ വികസനത്തിൽ ഏറെ പ്രധാന്യമുണ്ട്. 2011ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ജനസംഖ്യയുടെ 68.86 ശതമാനം ഗ്രാമീണരാണ്. ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, അടിസ്ഥാന സൗകര്യ വികസനം, മാലിന്യസംസ്ക്കരണം, അവശ്യ അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കൽ, ശുചിത്വം, കാര്യശേഷി വികസനം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള നിരവധി പദ്ധതികളാണ് ഇന്ത്യയിലെ ഗ്രാമീണ മേഖലയിൽ നടപ്പാക്കി വരുന്നത്. ഇതിൽ ഏറെ പ്രധാനമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്).

രാജ്യത്തിലെ ഗ്രാമവാസികളായ ജനങ്ങളിൽ കായികപരമായ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായവർക്ക് ഒരു വർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണിത്. ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉത്പാദന ക്ഷമമായ ആസ്തികളുടെ സൃഷ്ടി, ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ, വിവിധ വിഭാഗങ്ങളുടെ സാമൂഹിക ഉൾക്കൊള്ളൽ, പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ശാക്തീകരണം എന്നിവയെല്ലാം ഈ പദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങളിൽ ഉൾപ്പെടും. പരിസ്ഥിതി സംരംക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നീ പ്രവൃത്തികൾക്കാണ് തൊഴിലുറപ്പ് പദ്ധതിയിൽ മുന്തിയ പരിഗണന നൽകിയിരിക്കുന്നത്. തൊഴിലാളികൾ തന്നെയാണ് ചെയ്യേണ്ട പ്രവൃത്തികൾ കണ്ടെത്തുന്നതും അതിന്റെ ആസൂത്രണത്തെ സഹായിക്കുന്നതും.

2005 ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള ഈ പദ്ധതിയുടെ ഭാഗമാകുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ വേതനമാണ് ലഭിക്കുന്നത്. പഞ്ചായത്തിൽ സ്ഥിര താമസക്കാരായ ഏതൊരു കുടുംബത്തിനും പേര് രജിസ്ട്രർ

ചെയ്യാനാകും. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിക്കും. ഒരു കുടുംബത്തിന് ഒരു കാർഡാണ് ലഭിക്കുക. 5 വർഷമാണ് കാർഡിന്റെ കാലാവധി. തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ അനുവദിച്ചു കൊണ്ട് അറിയിപ്പ് ലഭിക്കും. പഞ്ചായത്തിലെ ഏത് വാർഡിലും തൊഴിൽ അനുവദിക്കും. അവിദഗ്ധ തൊഴിലാളികൾക്ക് ഒരു തൊഴിൽദിനത്തിന് 271 രൂപയാണ് കൂലിയായി നൽകുക. അർദ്ധ വിദഗ്ധ തൊഴിലാളികൾക്ക് 800 രൂപയും വിദഗ്ധ തൊഴിലാളികൾക്ക് 1000 രൂപയും. തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് പ്രതിഫലം നൽകുന്നത്. കേരളത്തിലെ 14 ജില്ലകളിലെ 152 ബ്ലോക്കുകൾക്ക് കീഴിലുള്ള 941 ഗ്രാമപ ഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നു. 56.22 ലക്ഷം പേരാണ് പദ്ധതിയിൽ രജിസ്ട്രർ ചെയ്തിരിക്കുന്നത്. ഇതിൽ 23.97 ലക്ഷം പേർ സജീവമാണ്. ഇതിൽ ഭൂരിഭാഗവും സ്ത്രീകളാണ്.

**വിദഗ്ധ- അർദ്ധ വിദഗ്ധ മേഖലയിലേക്ക് കുടുംബശ്രീ വനിതകൾ**

അവിദഗ്ധ ജോലി ചെയ്യുമ്പോൾ തൊഴിലുറപ്പ് പദ്ധതി വഴി ലഭിക്കുന്ന കൂലിയേക്കാൾ ഇരട്ടിയിലേറെ കൂലിയാണ് വിദഗ്ധ- അർദ്ധ വിദഗ്ധ തൊഴിലാളികൾക്ക് അത്തരത്തി ലുള്ള തൊഴിലുകൾ ചെയ്യുമ്പോൾ ലഭിക്കുന്നത്. ഈ ഒരു സാഹചര്യം മുഖേന കൂടുതൽ കൂലി ലഭിക്കുന്ന തരത്തിലേക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ കുടുംബശ്രീ വനിതകളെ എത്തിക്കുകയാണ് കൊല്ലം ജില്ലാ മിഷൻ ചെയ്തത്. തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയുമായി സംയോജിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായാണ് ധാരണ.

**ആശയരൂപീകരണം**

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ആസ്തികൾ നിർമ്മിച്ച് നൽകാനുള്ള ജോലികൾ ചെയ്ത് നൽകാറുണ്ട്. ഈ പ്രവർത്തനങ്ങൾ പ്രത്യേക പരിശീലനം നേടി വൈദഗ്ധ്യം കൈവരിച്ചവരാണ് ചെയ്ത് നൽകുക. കുടുംബശ്രീ അംഗങ്ങളായ തൊഴിലുറപ്പ് ജോലി ചെയ്യുന്ന സ്ത്രീകളെ ഈ മേഖലയിലേക്ക് കൊണ്ടുവരിക എന്ന ചിന്തയിൽ നിന്നാണ് ഈ പ്രവർത്തനത്തിന് തുടക്കമായത്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം, കിണർ റീചാർജ്ജ്, മഴവെള്ള സംഭരണി, പോൾട്രി ഫാം നിർമ്മാണം, തുമ്പോർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റ് നിർമ്മാണം, സിറ്റിസൺ

ഇൻഫർമേഷൻ ബോർഡ്, സിമന്റ് കട്ടള, വാതിൽ, ജനൽ നിർമ്മാണം, കിണർ റിംഗ് നിർമ്മാണം തുടങ്ങിയ 11 മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി പൂർത്തീകരിക്കാനാണ് തീരുമാനിച്ചത്.

**പ്രവർത്തനരീതി**

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്കിലെ വെളിയനല്ലൂർ ഗ്രാമപഞ്ചായത്തിലാണ് തൊഴിലുറപ്പുമായി ഇങ്ങനെയൊരു സംയോജനം ആദ്യമായി കുടുംബശ്രീ സാധ്യമാക്കിയത്. കുടുംബശ്രീയിൽ നിന്ന് പരിശീലനം ലഭിച്ചവരെ കൊണ്ട് ഇങ്ങനെയുള്ള ജോലികൾ ടെൻഡർ നടപടികളില്ലാതെ ചെയ്യിക്കാമെന്ന തീരുമാനം പഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ടതോടെയാണ് പ്രവർത്തനങ്ങൾക്ക് തുടക്കമായത്.

ആകെ 17 വാർഡുകളാണ് പഞ്ചായത്തിലുള്ളത്. ഓരോ വാർഡിൽ നിന്നും തൊഴിലുറപ്പ് ജോലി ചെയ്തുവന്നിരുന്ന കുറഞ്ഞത് രണ്ട് പേരെ വീതം കുടുംബശ്രീ മുഖേന തെരഞ്ഞെടുത്തു. അങ്ങനെ 35 പേർക്ക് കുടുംബശ്രീ എംപാനൽ ചെയ്തിട്ടുള്ള എക്സാഥ് (EKSAT) വഴി കൺസ്ട്രക്ഷൻ ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകുകയായിരുന്നു.

ഇങ്ങനെ പരിശീലനം നേടിയവരെ വീതം ചേർത്ത് യൂണിറ്റുകൾ രജിസ്ട്രർ ചെയ്യുകയായിരുന്നു അടുത്ത ഘട്ടം.

തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്തിൽ നടത്തുന്ന നിർമ്മാണ ജോലികളുടെ കണക്കെടുക്കുകയും അവർക്ക് ഈ ജോലികൾ വീതിച്ച് നൽകുകയും ചെയ്തു. കമ്പോസ്റ്റ് പിറ്റ്, പശുത്തൊഴുത്ത്. ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രധാനമായും കുടുംബശ്രീ സംഘങ്ങൾ ഇപ്പോൾ പഞ്ചായത്തിൽ ചെയ്തുവരുന്നത്. 2019 ജൂലൈ മാസം 24ാം തിയതി മുതലാണ് ഇവിടെ ഇത്തരത്തിലുള്ള സംയോജന പ്രവർത്തനങ്ങൾ ആരംഭിച്ചത്.

**ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി**

വ്യക്തിഗത ആസ്തികൾ നിർമ്മിക്കാൻ സഹായം ആവശ്യമുള്ളവർ ഗ്രാമസഭയിൽ അപേക്ഷ സമർപ്പിക്കുകയാണ് ചെയ്യുക. വിധവകൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എന്നിവർക്ക് മുൻഗണന കൊടുത്ത് അപേക്ഷകരിൽ നിന്ന് പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കും. 5 പശുക്കൾക്കായുള്ള പശുത്തൊഴുത്തിന് 1.25 ലക്ഷം രൂപയും 10 ആടുകൾക്കുള്ള ആട്ടിൻകൂടിന് 65,000 രൂപയും 50 കോഴികളെ വളർത്താനാകുന്ന കോഴിക്കൂടിന് 60,000 രൂപയുമാണ് തൊഴിലുറപ്പ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ഗുണഭോക്താവിന് സ്വന്തം കൈയിൽ നിന്ന് പണംമുടക്കാനുമാകും.

ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുസരിച്ച് കുടുംബശ്രീ സംഘങ്ങൾക്ക് തൊഴിൽ വീതിച്ച് നൽകുന്നു. തൊഴിൽ പൂർത്തീകരിച്ച ശേഷം തൊഴിലുറപ്പ് പദ്ധതി അധികൃതർ നിർമ്മിച്ച വസ്തുക്കൾ പരിശോധിച്ച ശേഷമാണ് തുക നൽകുക.

**ഭാവി**

നിർമ്മാണ രംഗത്ത് തൊഴിലുറപ്പ് പദ്ധതി മുഖേന തന്നെ കൂടുതൽ പ്രവർത്തങ്ങൾ ഏറ്റെടുക്കാനാണ് ലക്ഷ്യമിടുന്നത്.